# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6** **30-11-2015-ലെ മറുപടിയ്ക്ക്.**

### 'എല്ലാ സർക്കുലറുകളും പ്രധാന ഉത്തരവുകളും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ബഹു: മുഖ്യമന്ത്രി |
| (എ) സർക്കാർ വെബ് സൈറ്റിൽ എല്ലാ സർക്കുലറുകളും പ്രധാന ഉത്തരവുകളും പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ എല്ലാ വകുപ്പുകളിലെയും എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നിർദ്ദേശംനൽകുമോ; | എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. |
| (ബി) സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ശേഷം പല ഉത്തരവുകളും വെബ് സൈറ്റിൽ നിന്നും പിൻവലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിനു കാരണമെന്ന് അറിയിക്കുമോ; | സർക്കാർ ഉത്തരവുകളും മറ്റ് പ്രധാനപ്പെട്ട രേഖകളും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം പിൻവലിക്കണമെന്ന് അനൗദ്യോഗികമായി ആവശ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് സർക്കാർ ഉത്തരവുകൾ/രേഖകൾ പിൻവലിക്കണമെങ്കിൽ ബന്ധപ്പെട്ട വകുപ്പിലെ അണ്ടർ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും രേഖാമൂലമുള്ള നിർദ്ദേശം ലഭിച്ചാൽ മാത്രമേ നടപടി സ്വീകരിക്കു എന്ന് വ്യക്തമാക്കി കൊണ്ട് 13.08.2015-ലെ 15100/എ2/15/ഐ&പി.ആർ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും പ്രസിദ്ധീകരിക്കുന്ന പൊതുപ്രാധാന്യമുള്ള എല്ലാ സർക്കുലറുകളും ഉത്തരവുകളും ഏതു കാലത്തും പൊതുജനത്തിന് ലഭ്യമാകുന്ന തരത്തിൽ സർക്കാർ വെബ് സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ് സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ.